**സർവ്വകലാശാലാ പരീക്ഷകളുടെ വാല്യൂവേഷൻ കുറ്റമറ്റതാക്കുന്നതിനും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന അദ്ധ്യാപകർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതും സംബന്ധിച്ച് ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ ചട്ടം 304 പ്രകാരം നിയമ സഭയിൽ ഉന്നയിച്ച സബ്മിഷനു 21.01.2021 ൽ നൽകേണ്ട മറുപടി**

പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിക്കുക, പരീക്ഷകൾ നടത്തുക വാല്യുവേഷൻ ക്യാമ്പ് സംഘടിപ്പിച്ച് പരീക്ഷകളുടെ വാല്യുവേഷൻ നടത്തുക, വാല്യുവേഷൻ മാനദണ്ഡങ്ങൾ നിശ്ചയിക്കുക എന്നിവ സർവ്വകലാശാലകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. പരീക്ഷകളുടെ മൂല്യനിർണ്ണയം നിലവിൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സർവ്വകലാശാലകൾ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷനിൽ ഏതെങ്കിലും കുട്ടികൾക്ക് പരാതികൾ ഉള്ള പക്ഷം ആയത് പുനഃപരിശോധിക്കുന്നതിന് സംവിധാനവും നിലവിലുണ്ട്. ബിരുദ വിദ്യാർത്ഥികൾക്ക് റീവാല്യുവേഷൻ സംവിധാനവും, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഡബിൾ വാല്യുവേഷൻ സംവിധാനവും നിലവിലുണ്ട്. യു.ജി.സി നിർദ്ദേശാനുസരണം മൂല്യനിർണ്ണയം അദ്ധ്യാപനത്തിന്റെ ഭാഗമായതിനാൽ, അദ്ധ്യാപകർക്ക് വാല്യുവേഷനിൽ നിന്ന് വിട്ടുനിൽക്കാൻ സാധിക്കാത്തതും ഏതെങ്കിലും തരത്തിൽ വാല്യുവേഷൻ തടസ്സപ്പെടുന്നതിന് കാരണക്കാരാകുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പക്ഷം അവർക്കെതിരെ മതിയായ അന്വേഷണം നടത്തി കർശ്ശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. മൂല്യനിർണ്ണയത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യപകർക്ക് സർവ്വകലാശാല പിഴ ചുമത്തുകയും, അതീവ ഗുരുതര വീഴ്ചകൾക്ക് ഡീബാറിംഗ് ഉൾപ്പെടെയുള്ള

ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്. കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി കർശനമാക്കുന്നതും മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിന് സഹായിക്കും.

20/1/2021

20.1.21

20.1.21

20/1